# പതിനാലാം കേരള നിയമസഭ

## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2335 06/10/2016-ൽ മറുപടിയ്ക്ക്**

മത്സ്യഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. കെ. ദാസൻ.<br>ശ്രീ. എം. നൗഷാദ്: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് നടപ്പിലാക്കിയ മത്സ്യഗ്രാമം പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കമോ; | എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെ മാതൃകാ മത്സ്യഗ്രാമ പദ്ധതി യിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>(1) വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നിവിടങ്ങളിൽ 300 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു വരുന്നു.<br>(2) വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് എന്നിവിട ങ്ങളിൽ 350 ലക്ഷം രൂപയുടെ വൈദ്യുതീകരണംപൂർത്തീകരിച്ചു വരുന്നു.<br>(3) 74 ലക്ഷം രൂപയുടെ ഫിഷറീസ് റോഡ് നിർമ്മാണം 50% പൂർത്തീകരിച്ചു<br>(4) 63 ലക്ഷം രൂപയുടെ 3 അംഗൻവാടി നിർമ്മാണം പൂർത്തീകരിച്ചു<br>(5) 150 ലക്ഷം രൂപയുടെ വലിയതുറ ഫിഷറീസ് ആശുപത്രി നിർമ്മാണം പൂർത്തീകരിച്ചു<br>(6) ബേപ്പൂർ, മാറാട് എന്നിവിടങ്ങളിൽ 40 ലക്ഷം രൂപയുടെ വൈദ്യുതീകരണം പൂർത്തീകരിച്ചു<br>(7) ബേപ്പൂർ, മാറാട് എന്നിവിടങ്ങളിൽ 70 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു<br>(8) ബേപ്പൂരിൽ 200 ലക്ഷം രൂപയുടെ ഫിഷറീസ് റോഡ് നിർമ്മാണം പൂർത്തീകരിച്ചു<br>(9) 128 ലക്ഷം രൂപയുടെ ബേപ്പൂർ ജി.എച്ച്.എസ്സ്.എസ്സ്. സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു<br>(10) ആനാപ്പുഴയിൽ 8 ലക്ഷം രൂപയുടെ ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു |

(11) 10 ഫിഷറീസ് സ്കൂളുകളുടെ പുനരുദ്ധാരണത്തിനായി 2516.50 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് നിർവ്വഹണ നടപടികൾ

പൂർത്തീകരിച്ചുവരുന്നു

(12) 14 ഫിഷറീസ് കോളനികൾ നവീകരിക്കുന്നതിനായി 5 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചു. പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചുവരുന്നു.

ഇതുകൂടാതെ, വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരെഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു. 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 57 മത്സ്യഗ്രാമങ്ങളിൽ താഴെ പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു.

51.39 കോടി രൂപയുടെ 53 കുടിവെള്ള പദ്ധതികളിൽ 31 എണ്ണം പൂർത്തീകരിച്ചു.

23.03 കോടി രൂപയുടെ 57 വൈദ്യുതീകരണ പദ്ധതികളിൽ 37 എണ്ണം പൂർത്തീകരിച്ചു.

40.46 കോടി രൂപയുടെ 35 പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണ പദ്ധതികളിൽ 15 എണ്ണം പൂർത്തീകരിച്ചു.

7.05 കോടി രൂപയുടെ 3525 വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണം, ഇതിൽ 806 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

8.99 കോടി രൂപയുടെ 32 ലൈബ്രറി നിർമ്മാണ പദ്ധതികളിൽ 20 എണ്ണം പൂർത്തീകരിച്ചു.

7.79 കോടി രൂപയുടെ 104 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ ഇതിൽ 82 എണ്ണം സ്ഥാപിച്ചു.

7.65 കോടി രൂപയുടെ ജീവനോപാധി സഹായം, ഇതിൽ 757 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് മത്സ്യഗ്രാമങ്ങൾ പ്രവർത്തിക്കുന്നത്;

ബി) സംസ്ഥാനത്ത് തീരദേശ മേഖലയിൽ 222- ഉം, ഉൾനാടൻ മേഖലയിൽ 113- ഉം അടക്കം 335 അംഗീകൃത മത്സ്യഗ്രാമങ്ങളാണ് നിലവിലുള്ളത്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.

സി) പ്രസ്തുത മത്സ്യഗ്രാമങ്ങളിൽ തീരദേശവികസന കോർപ്പറേഷനുകൾ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വിശദമാക്കുമോ?

സി) സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1) 2011-12, 2013-14 സാമ്പത്തിക വർഷങ്ങളിലായി തീരദേശ സാമൂഹ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി 8 മത്സ്യഗ്രാമങ്ങളിൽ 4.10 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.

2) 2011-12 സാമ്പത്തിക വർഷത്തിൽ തിരുവന

ന്തപുരം, മലപ്പുറം, കോഴിക്കോട് എന്നീ തീരദേശ ജില്ലകളിലെ മത്സ്യഗ്രാമങ്ങളിൽ 10.81 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.

3) 2011-12, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സംസ്ഥാനമൊട്ടാകെയുള്ള മത്സ്യഗ്രാമങ്ങളിൽ നടപ്പിലാക്കുന്നതിനായി 160 കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന സർക്കാർ അനുമതി നൽകി പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.

4) 2013-14 സാമ്പത്തിക വർഷത്തിൽ 13-ാം ധനകാര്യ കമ്മീഷന്റെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി 6 മത്സ്യഗ്രാമങ്ങളിൽ 14.10 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, 9 തീരദേശ ജില്ലകളിലായി 25.17 കോടി രൂപയുടെ 10 ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം, 5 കോടി രൂപയുടെ മത്സ്യത്തൊഴിലാളി കോളനി പുനരുദ്ധാരണം എന്നീ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ അനുമതി നൽകി. പദ്ധതികൾ പൂർത്തീകരണഘട്ടത്തിലാണ്.

5) 2014-15 സാമ്പത്തിക വർഷത്തിൽ 'ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി'യിൽ ഉൾപ്പെടുത്തി സംസ്ഥാനമൊട്ടാ കെയുള്ള മത്സ്യഗ്രാമങ്ങളിലുള്ള ഭൂരഹിതരും ഭവനരഹിതരുമായ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി ഭവനം നിർമ്മിച്ച് നൽകുന്നതിനായി 48.75 കോടി രൂപയുടെ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. വലിയതുറ മത്സ്യഗ്രാമത്തിൽ 8 ഫ്ളാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ചു കൈമാറ്റം ചെയ്തു കഴിഞ്ഞു. കണ്ണൂർ അഴിക്കരയിൽ 27 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

6) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലായി തെരെഞ്ഞെടുത്ത 27 മത്സ്യഗ്രാമങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 49.84 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

7) ഫ്രഷ് ഫിഷ് ടു ആൾ പദ്ധതിയിലുൾപ്പെടുത്തി 3.90 കോടി രൂപയുടെ ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച ഓട്ടോറിക്ഷ, ഇരുചക്ര വാഹനങ്ങൾ, ഇൻസുലേറ്റഡ് ട്രക്ക് എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

8) ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾ

പ്പെടുത്തി 2.68 കോടി രൂപയുടെ ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

9) കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 1.00 കോടി രൂപയുടെ കടൽ സുരക്ഷാ ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

10) കട്ടമരം മോട്ടോറൈസേഷൻ പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് എഞ്ചിൻ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതിന് 1.23 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്